**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2586** 09/05/2017-ൽ മറുപടിയ്ക്ക്

## ഉയർന്ന വില ഈടാക്കിയുള്ള ഹോർട്ടി കോർപിന്റെ പച്ചക്കറിവിൽപ്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി) |

എ) ഹോർട്ടികോർപ്പ് മിഷന്റെ സ്റ്റാളുകളിൽ വിതരണം ചെയ്യുന്ന പച്ചക്കറികൾക്ക് വിപണിവിലയെക്കാൾ ഉയർന്ന വിലയാണ് ഈടാക്കുന്നതെന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ.

ബി) വിപണി വിലയെക്കാൾ എത്ര ശതമാനം താഴ്ത്തിയാണ് ഹോർട്ടി കോർപ്പ് മിഷൻ പച്ചക്കറി വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ;

എ) & ബി) അന്നന്നുള്ള കമ്പോളവിലയെ ആസ്പദമാക്കി വിപണി വിലയെക്കാളും താഴ്ന്ന വിലയ്ക്കാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ വില്പന നടത്തുന്നത്. വിപണി വിലയെക്കാൾ കുറഞ്ഞത് 10 മുതൽ 30% വരെ വില കുറച്ചാണ് പച്ചക്കറി ഇനങ്ങൾ ഹോർട്ടികോർപ്പിന്റെ വിപണന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നത്.

സി) ജനപ്രിയ ഇനങ്ങളായ ഉള്ളി, സവാള, ഉരുളക്കിഴങ്ങ്, തക്കാളി എന്നിവയ്ക്ക് മാർക്കറ്റ് വിലയെക്കാൾ ഉയർന്ന വില ഈടാക്കുന്ന പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

സി) കേരളത്തിൽ ലഭ്യമല്ലാത്ത ജനപ്രിയ ഇനങ്ങളായ ഉള്ളി, സവാള എന്നിവ ഇതര സംസ്ഥാനങ്ങളിലെ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് സംഭരിച്ച് മാർക്കറ്റ് വിലയെക്കാൾ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ വിളവെടുപ്പ് കാലത്ത് ഉരുളക്കിഴങ്ങ്, മൂന്നാറിലെ കർഷകരിൽ നിന്നും തക്കാളി, പാലക്കാട്ടെ വടകരപതിയിലെ കർഷകരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മാർക്കറ്റ് വിലയെക്കാൾ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ